Contd. 19/11/24
05/11/24

1

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.258(4)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.2062/SIC-Gen 2/2019**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി. തങ്കമണി,
ചെമ്പനാടൻ വീട്,
വാടാനപ്പള്ളി പി.ഒ.,
തൃശ്ശൂർ - 680 614. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്
വാടാനപ്പള്ളി പി.ഒ.,
തൃശ്ശൂർ - 680 614.

2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്,
തൃശ്ശൂർ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.08.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 01.09.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.09.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.11.2018 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 06.02.2019 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 11.02.2019 |

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 27.08.2021ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്പീൽ ഹർജിക്കാരി അപേക്ഷയിൽ ആവശ്യപ്പെട്ട റോഡിന് വേണ്ടി സ്ഥലം വിട്ടു നൽകിയവരുടെ സറണ്ടർ കൈച്ചീട്ടിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരന് ലഭ്യമാക്കണമെന്നും, ആയതു നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകാതിരുന്നതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതു കമ്മീഷനെ അറിയിക്കണം എന്നുമായിരുന്നു പറഞ്ഞിരുന്നത്.

2. ഇതിൻ പ്രകാരം പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി 30.09.2021ൽ കമ്മീഷന് വിശദീകരണം നൽകി. അതിൽ ഇപ്രകാരം പറയുന്നു. 2007 മുതൽ 2013 വരെയുള്ള മിനിട്ട്സിന്റെ പകർപ്പാണ് അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ടിരുന്നത്. അപേക്ഷയിൽ റോഡ് ടാർ ചെയ്ത വർഷമോ കമ്മിറ്റി തീരുമാനം സംബന്ധിച്ച വർഷമോ സൂചിപ്പിച്ചിരുന്നില്ല. ഇതേ ആവശ്യത്തിന് ടിയാൾ നൽകിയ വിവരാവകാശ അപേക്ഷയിൽ അന്നത്തെ എസ്.പി.ഐ.ഒ. യുടെ മറുപടിയും ഉള്ളടക്കം ചെയ്തിരുന്നു. ആയതിൽ മിനിട്ട്സും മറ്റു രേഖകളും പരിശോധിക്കുന്നതിന് ഹാജരാകാൻ ആവശ്യപ്പെട്ട് 09.12.16, 26.12.16 എന്നീ തീയതികളിൽ അന്നത്തെ എസ്.പി.ഐ.ഒ. കത്ത് അയച്ചിരുന്നുവെങ്കിലും, ടിയാൾ ഹാജരായിരുന്നില്ല.

3. 2018ലെ മഹാപ്രളയത്തിന്റെ കാലത്താണ് അപേക്ഷ ലഭിച്ചത്. 2018 ആഗസ്റ്റ് 15 മുതൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ വെള്ളക്കെട്ട് മൂലം ദീർഘകാലമായി പഞ്ചായത്ത് ഓഫീസ് ഭാഗികമായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. എന്നാലും നിശ്ചിത സമയപരിധി ക്കുള്ളിൽ മറുപടി നൽകി. തീരുമാനം സംബന്ധിച്ച നമ്പർ, വർഷം എന്നിവ അപേക്ഷയിൽ ഇല്ലാത്തതിനാലാണ് രേഖകൾ പരിശോധിക്കാൻ അനുവദിച്ചത്. പഞ്ചായത്ത് ഓരോ വർഷവും 25ഓളം യോഗങ്ങൾ ചേരുകയും, ഓരോ യോഗത്തിലും ധാരാളം തീരുമാനങ്ങൾ രേഖപ്പെടു ത്തുകയും ചെയ്യാറുണ്ട്. അതിനാൽ 7 വർഷത്തെ മിനിട്ട്സ് പരിശോധിച്ച് അപേക്ഷയിൽ സൂചി പ്പിച്ച തീരുമാനം കണ്ടെത്തി സമയബന്ധിതമായി കോപ്പി നൽകുന്നത് ശ്രമകരമാണ്. അതിനാ ലാണ് പരിശോധനയ്ക്ക് ഹാജരാകാൻ സമയം നൽകിയത്. എന്നിട്ട് ടിയാൾ അതിന് തയ്യാറാ യില്ല.

4. പിന്നീട് ഒന്നാം അപ്പീൽ ഉത്തരവിൽ ഫയൽ കണ്ടെത്തി വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കാര്യമായ പരിശോധന നടത്തിയിട്ടും, ആയത് കണ്ടെത്താൻ കഴിഞ്ഞില്ല. ഓഫീസ് കെട്ടിട നവീകരണത്തിനായി ഫയലുകൾ അനുബന്ധ കെട്ടിടങ്ങളിലേക്ക് മാറ്റിയിരുന്നതിനാലാണ് ഫയൽ കണ്ടെത്താൻ കഴിയാതെ വന്നത്.

5. ഓഫീസ് കെട്ടിട നവീകരണത്തിനു ശേഷം പഞ്ചായത്ത് ISO അംഗീകാരം നേടുന്ന തിനു വേണ്ടി പഴയ ഫയലുകൾ വിഷയ അടിസ്ഥാനത്തിലും, വർഷ അടിസ്ഥാനത്തിലും തരം തിരിക്കുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ പരിശോധന നടത്തിയിട്ടും ഫയൽ കണ്ടെത്തി യില്ല. ഇതിനിടയിൽ താൻ 2019 ഫെബ്രുവരി 1 മുതൽ വിരമിക്കലിന് മുന്നോടിയായുള്ള അവധി യിൽ പ്രവേശിക്കുകയും 2019 മേയ് 31ന് വിരമിക്കുകയും ചെയ്തു. ആവശ്യപ്പെട്ട വിവരങ്ങൾ അന്നു പൂർണ്ണമായി നൽകാൻ കഴിയാതിരുന്നത് മന:പൂർവ്വമായിരുന്നില്ല എന്നും ടിയാൻ പറഞ്ഞു. പിന്നീട് പഴയ ഫയലുകൾ വിഷയാടിസ്ഥാനത്തിലും, വർഷാടിസ്ഥാനത്തിലും തരം തിരിച്ചശേഷം നടന്ന ഉപ പരിശോധനയിൽ അപേക്ഷക ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും നില വിൽ കണ്ടെത്തി നൽകിയിട്ടുണ്ടെന്നും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ശ്രീ. ജെയിംസ് കെ.സി. നൽകിയ വിശദീകരണത്തിൽ പറയുന്നു.

6. ടിയാന്റെ വിശദീകരണത്തിൽ നിന്ന് അപ്പീൽ ഹർജിക്കാരിക്ക്, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചു കഴിഞ്ഞതായി കമ്മീഷൻ കരുതുന്നു. യഥാസമയം ആയതു നൽകാൻ കഴിയാതിരുന്നതിന് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. നൽകിയ വിശദീകരണം വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതുകൊണ്ട് ടിയാന്റെ വിശദീകരണം അംഗീകരിച്ച് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 05.11.2021ന് കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
gk.